**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3825** | **27-06-2024 - ൽ മറുപടിയ്ക്ക്**

**മൃഗസംരക്ഷണ വകുപ്പിന്റെ വിവിധ സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മൃഗസംരക്ഷണ വകുപ്പ് മുഖേന നൽകുന്ന വിവിധ ധനസഹായങ്ങൾ, ആനുകൂല്യങ്ങൾ എന്നിവ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | 04/08/2014-ലെ സ.ഉ (സാധാ) നം. 1374/2014/ കൃഷി, 17/03/2015-ലെ സ.ഉ. (സാധാ) നം. 530/2015/കൃഷി എന്നീ ഉത്തരവുകൾ പ്രകാരം ഇൻഷുറൻസ് തുകയോ, ജില്ലാ കളക്ടറുടെ ധനസഹായമോ ലഭിക്കാത്ത, പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ, ആന്ത്രാക്സ്, പന്നിപ്പനി, പേവിഷബാധ, പക്ഷിപ്പനി, പി.പി.ആർ എന്നീ രോഗങ്ങൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും, വന്യമൃഗങ്ങളുടെ ആക്രമണം, ഇടിമിന്നൽ, മുങ്ങിമരണം, സൂര്യാഘാതം, അപകടം തുടങ്ങിയ അത്യാഹിതങ്ങൾ എന്നിവ മൂലം ഉരുക്കൾ മരണപ്പെടുന്ന കർഷകർക്ക് ദുരന്തനിവാരണ മാനദണ്ഡ പ്രകാരം നഷ്ടപരിഹാരം അനുവദിക്കുന്നുണ്ട്.<br>ദുരന്ത നിവാരണത്തിനായി അനുവദിച്ചിട്ടുള്ള കണ്ടിജൻസി ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡത്തിൽ Duck Pasteurellosis, Duck Plague എന്നീ രോഗങ്ങൾ മൂലം മരണമടയുന്ന താറാവുകൾക്ക് വാക്സിനേഷൻ കൃത്യമായി ചെയ്തിട്ടും, യഥാസമയം ചികിത്സകൾ നൽകിയിട്ടും, ടി രോഗങ്ങൾ നിയന്ത്രണ വിധേയമായില്ല എന്നുള്ളതായി Regional Disease Diagonostic Lab/ Chief Disease Investigation Office എന്നീ സ്ഥാപനങ്ങളിലെ സാക്ഷ്യപ്പെടുത്തൽ ലഭ്യമാക്കുന്ന കർഷകർക്ക് 17/03/2015-ലെ സ.ഉ. (സാധാ) നം. 530/2015/കൃഷി പ്രകാരം കണ്ടിജൻസി ഫണ്ടിൽ നിന്നും നഷ്ടപരിഹാരം അനുവദിക്കുന്നുണ്ട്.<br>പക്ഷിപ്പനി രോഗബാധ സ്ഥിരീകരിച്ച് "കൾ" ചെയ്ത പക്ഷികളുടെ ഉടമസ്ഥർക്ക് ഉണ്ടായ നഷ്ടം നികത്തുന്നതിനായി 28/02/2024-ലെ സ.ഉ (സാധാ) നം.104/2024/എ.എച്ച്.ഡി പ്രകാരവും, പന്നിപ്പനി രോഗബാധ സ്ഥിരീകരിച്ച് "കൾ" ചെയ്ത പന്നികളുടെ ഉടമസ്ഥർക്ക് ഉണ്ടായ നഷ്ടം നികത്തുന്നതിനായി |

| | | | |
|---|---|---|---|
| | | | കേന്ദ്ര സർക്കാരിന്റെ നാഷണൽ ആക്ഷൻ പ്ലാൻ പ്രകാരവുമാണ് നഷ്ടപരിഹാരം അനുവദിക്കുന്നത്. |
| (ബി) | പ്രസ്തുത ധനസഹായങ്ങളും ആനുകൂല്യങ്ങളും വിതരണം ചെയ്യാൻ നിലവിൽ കുടിശികയുണ്ടോ; എങ്കിൽ ഓരോ ഇനത്തിലും ഉള്ള കുടിശികയുടെ വിശദാംശങ്ങളും എന്നുമുതലാണ് കുടിശികയുള്ളതെന്നും വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. നിലവിലെ ദുരന്ത നിവാരണ മാനദണ്ഡപ്രകാരം നഷ്ടപരിഹാര ഇനത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ 70,32,900/- രൂപ വിതരണം ചെയ്യുവാനുണ്ട്. |
| (സി) | പ്രസ്തുത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ? | (സി) | നിലവിലെ ദുരന്ത നിവാരണ മാനദണ്ഡപ്രകാരം നഷ്ടപരിഹാര ഇനത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>പക്ഷിപ്പനി, ആഫ്രിക്കൻ പന്നിപ്പനി എന്നിവയ്ക്കായി, കർഷകർക്കുള്ള നഷ്ടപരിഹാരം നൽകുന്നതിന് വേണ്ടി, അതാത് കാലയളവിലെ സർക്കാർ ഉത്തരവുകൾ പ്രകാരം ആകെ 15,21,02,628/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | വർഷം | നഷ്ടപരിഹാര ഇനത്തിൽ വകയിരുത്തിയ തുക | നഷ്ടപരിഹാരം ഇനത്തിൽ അനുവദിച്ച തുക |
|---|---|---|---|
| 1 | 2016-17 | 1 കോടി രൂപ | 99.99 ലക്ഷം രൂപ |
| 2 | 2017-18 | 1 കോടി രൂപ | 1 കോടി രൂപ |
| 3 | 2018-19 | 1.40 കോടി രൂപ | 1.39 കോടി രൂപ |
| 4 | 2019-20 | 1.50 കോടി രൂപ | 83.44 ലക്ഷം രൂപ |
| 5 | 2020-21 | 1.50 കോടി രൂപ | 1.42 കോടി രൂപ |
| 6 | 2021-22 | 1.50 കോടി രൂപ | 1.50 കോടി രൂപ |
| 7 | 2022-23 | 1.50 കോടി രൂപ | 1.50 കോടി രൂപ |
| 8 | 2023-24 | 3.44 കോടി രൂപ | 3.44 കോടി രൂപ |